"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മുതുകളം ഖാദി ഉൽപാദക സഹകരണ സംഘം ലിമിറ്റഡ് നം.സി.ഐ.എൻ.ഡി (എ) നം.61 എന്ന സംഘത്തിന്റെ സ്ഥലം മുതുകളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന University Institute of Technology (UIT) യ്ക്ക് വിട്ടു നൽകുന്നതിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.315/2024/ID തീയതി,തിരുവനന്തപുരം, 05-05-2024

---

പരാമർശം:- 24.07.2022 -ൽ ശ്രീ.രമേശ് ചെന്നിത്തല എം.എൽ.എ ബഹു.വ്യവസായ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ.

സൂചന:- കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 28.02.2024 തീയതിയിലെ കെ.ബി.6696/2022/സഹ നമ്പർ കത്ത്.

**ഉത്തരവ്**

കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു യു.ഐ.റ്റി സെന്റർ കഴിഞ്ഞ 5 വർഷമായി മുതുകളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ്), ബികോം കോഴ്സുകളിലായി ഏകദേശം നൂറിലധികം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. ഒരു താൽക്കാലിക ക്രമീകരണമെന്ന നിലയിൽ നിലവിൽ മുതുകളം ഹൈസ്കൂൾ സമാജത്തിന്റെ ഉടമസ്ഥതയിലുള്ള മുതുകളം ഹൈസ്കൂളിന്റെ കെട്ടിടത്തിലാണ് പ്രസ്തുത സെന്റർ പ്രവർത്തിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 09.02.2018 ലെ 651/2018 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 3 വർഷത്തേക്കാണ് പ്രസ്തുത സ്കൂൾ കെട്ടിടം ഈ ആവശ്യത്തിനായി വിട്ടുനൽകിയിട്ടുള്ളത്. ഇതിന്റെ കാലാവധി 12.10.2020 ൽ അവസാനിച്ചതിനാൽ, ഇപ്പോൾ യുഐറ്റി സെന്റർ പ്രവർത്തിക്കുന്ന കെട്ടിടം ഒഴിയുന്നതിന് സ്കൂൾ മാനേജ്മെന്റ് നിർദേശിച്ചിരിക്കുകയാണെന്നും മുതുകളം യുഐറ്റിയുടെ പ്രവർത്തനത്തിനായി സ്വന്തമായി സ്ഥലവും, കെട്ടിടവും അടിയന്തിരമായി ലഭ്യമായില്ലെങ്കിൽ ഈ സ്ഥാപനത്തിലേക്കുള്ള അഡ്മിഷൻ നടപടികൾ അവസാനിപ്പിക്കുമെന്ന് യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചിട്ടുണ്ടെന്നും മുതുകളം ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉന്നത വിദ്യാഭ്യാസമേഖലയിലുള്ള മറ്റ് സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ലായെന്നും സ്ഥല സൗകര്യത്തിന്റെ അഭാവം കാരണം യുഐടിയുടെ പ്രവർത്തനം നിലയ്ക്കുന്നത് ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസപുരോഗതിയേയും ദോഷകരമായി ബാധിക്കുമെന്നുള്ളതിനാൽ, ഇപ്പോൾ പ്രവർത്തനരഹിതമായിരിക്കുന്ന മുതുകളം ഖാദി ഉൽപാദക സഹകരണ സംഘം ലിമിറ്റഡ് നം.സി.ഐ.എൻ.ഡി (എ) നം.61 എന്ന സംഘത്തിന്റെ സ്ഥലം മുതുകളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന University Institute of Technology (UIT) യ്ക്ക് വിട്ടു നൽകണമെന്ന് ശ്രീ.രമേശ് ചെന്നിത്തല എം.എൽ.എ പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2.മുതുകളം ഖാദി ഗ്രാമ വ്യവസായ സംഘം ആലപ്പുഴ ജില്ലാ വ്യവസായ വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്തതും ഖാദി ബോർഡിനു കൈമാറി ലഭിച്ചിട്ടുള്ളതുമാണെന്നും പിന്നീട് സംഘം പ്രവർത്തനരഹിതമായപ്പോൾ ഖാദി ബോർഡിന്റെ നെയ്ത്ത് യൂണിറ്റ് ആരംഭിക്കുകയും കാലക്രമേണ

സംഘത്തിന്റെ പ്രവർത്തനം നിലയ്ക്കുകയുമാണ് ഉണ്ടായതെന്നും ഖാദി ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിൽ ഈ സംഘത്തിൽ നിയമാനുസൃതമായ ഭരണ സമിതിയില്ലായെന്നും സംഘാംഗങ്ങളിൽ ഭൂരിഭാഗം പേരും മരണപ്പെട്ടതായിട്ടാണ് അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുള്ളതെന്നും സംഘം 23.5 സെന്റ് വസ്തു പണയപ്പെടുത്തി ഖാദി ബോർഡിൽ നിന്നും വായ്പയെടുത്തിട്ടുണ്ടെന്നും വായ്പ കുടിശ്ശിക നാളിതുവരെയും തീർപ്പാക്കിയിട്ടില്ലാത്തതാണെന്നും അദ്ദേഹം അറിയിച്ചു. സംഘത്തിന്റെ സ്ഥലം മുതുകുളം യു.ഐ.റ്റി - ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കൈമാറ്റം നടത്തുന്നതിന് സഹകരണ ചട്ടം 13 പ്രകാരം സംഘത്തിന്റെ പൊതുയോഗത്തിനാണ് അധികാരം ഉള്ളതെന്നും നിലവിൽ സംഘാംങ്ങളിൽ ഭൂരിഭാഗം പേരും മരണപ്പെട്ട് പോയിട്ടുള്ളതിനാൽ പൊതുയോഗം വിളിച്ച് ചേർക്കുന്നതിന് സാധിക്കാത്തതിനാൽ സംഘത്തിൽ ലിക്വിഡേറ്ററെ നിയമിച്ച് ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി സംഘത്തിന്റെ സ്ഥലം ബോർഡ് ചെയർമാന്റെ പേരിൽ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായി ഖാദി ബോർഡ് സെക്രട്ടറി പരാമർശം (2) പ്രകാരം അറിയിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുതുകുളം ഖാദി ഉൽപാദക സഹകരണ സംഘം ലിമിറ്റഡ് നം.സി.ഐ.എൻ.ഡി (എ) നം.61 എന്ന സംഘത്തിന്റെ 23.5 സെന്റ് സ്ഥലം ലിക്വിഡേഷൻ നടപടികളിലൂടെ ഖാദി ബോർഡ് ചെയർമാന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സാഹചര്യത്തിൽ, മുതുകുളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന University Institute of Technology (UIT) യ്ക്ക് പുതിയ കെട്ടിടം നിർ മ്മിക്കുന്നതിന് മുതുകുളം ഖാദി ഉൽപാദക സഹകരണ സംഘം ലിമിറ്റഡ് നം.സി.ഐ.എൻ.ഡി (എ) നം.61 എന്ന സംഘത്തിന്റെ മേല്പറഞ്ഞ സ്ഥലം എല്ലാ നടപടി ക്രമങ്ങളും പാലിച്ച് വിട്ടു നൽകുന്നതിനു അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ശ്രീ.രമേശ് ചെന്നിത്തല എം.എൽ.എ, ചന്ദ്രഗിരി ബ്ലോക്ക്-104, എം.എൽ.എ ഹോസ്റ്റൽ, തിരുവനന്തപുരം
സെക്രട്ടറി, കേരള ഖാദിഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ബി.പി.റ്റി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
സി. ഇ. ഒ, കെ - ബിപ്പ്, തിരുവനന്തപുരം
വെബ് & ന്യൂമീഡിയ
സ്റ്റോക്ക് ഫയൽ(ND-K1/283/2022-IND)

ഉത്തരവിൻ പ്രകാരം

Signed by
Sreekumar R
Date: 06-05-2024 12:24:44
സെക്ഷൻ ഓഫീസർ